## ഹരിത നിയമാവലി (Green Protocol)

ഭൂമിയിലെ പരിമിതമായ വിഭവങ്ങളുടെ കാര്യക്ഷമവും, ബുദ്ധി പൂർണ്ണവുമായ ഉപഭോഗം ഉറപ്പാക്കുന്നതോടൊപ്പം മനുഷ്യന് ഇന്ന് വലിയ ബാധ്യതയായി മാറിക്കൊണ്ടിരിക്കുന്ന മാലിന്യങ്ങളുടെ അളവ് കുറക്കുന്നതിന് പാലിക്കപ്പെടേണ്ട പ്രവർത്തനരീതിയാണ് ഗ്രീൻ പ്രോട്ടോകോൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മലിന്യത്തിന്റെ അളവ് കുറക്കുന്നതിനുവേണ്ടി ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കി പുനരുപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾക്ക് പ്രചാരം കൊടുക്കുകയും ശേഷം ഉണ്ടാകുന്ന മാലിന്യങ്ങൾ ശരിയായി രീതിയിൽ സംസ്കരിക്കപ്പെടുകയും ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോകോളിന്റെ അടിസ്ഥാനം.

**ഗ്രീൻ പ്രോട്ടോകോൾ തത്വങ്ങൾ:**

- പ്ലാസ്റ്റിക്, പേപ്പർ ഉൾപ്പെടെയുള്ള എല്ലാ ഡിസ്പോസിബിൾ വസ്തുക്കളുടേയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കുക.
- ഡിസ്പോസിബിൾ വസ്തുക്കൾക്ക് പകരം പുനരുപയോഗിക്കാവുന്ന പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുക.
- നിരോധിത പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുകയും മാലിന്യ നിർമ്മാർജനത്തിനുള്ള സർക്കാർ ചട്ടങ്ങൾ കൃത്യമായി പാലിക്കുകയും ചെയ്യുക.
- ജൈവ അജൈവ മാലിന്യങ്ങൾ കൃത്യമായി തരംതിരിക്കുകയും ശരിയായ രീതിയിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുക്കയും ചെയ്യുക.

27/4/17

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കേണ്ട ഹരിത മാർഗ്ഗരേഖ**

1) തുടക്കമെന്ന നിലയിൽ സ്ഥാപനങ്ങളുടെ ആസ്ഥാന കാര്യലയങ്ങളിൽ ഹരിതമാർഗ്ഗരേഖ നടപ്പിലാക്കുയും മറ്റ് സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കേണ്ടതുമാണ്.
2) പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഓഫീസിനുള്ളിൽ കൊണ്ടുവരുവാൻ പാടുള്ളതല്ല.
3) ആഹാരപദാർത്ഥങ്ങളും കുടിവെള്ളവും കൊണ്ടുവരുന്നത് സ്റ്റീൽ പാത്രത്തിലൊ മറ്റ് പുനരുപയോഗ സാധ്യതയുള്ള പാത്രങ്ങളിലൊ ആയിരിക്കണം. പ്ലാസ്റ്റിക്കിലും മറ്റ് ഡിസ്പോസിബിൾ വസ്തുക്കളിലും (പ്ലാസ്റ്റിക് ആവരണം ചെയ്ത പേപ്പറുകൾ

- **അമ്പലങ്ങൾ, പള്ളികൾ, മോസ്കുകൾ** എന്നിവയുമായി ബന്ധപ്പെട്ട് നടക്കുന്ന **പരിപാടികളിൽ ഗ്രീൻ പ്രോട്ടോകോൾ** പാലിക്കുന്നതിനായി പ്രേരിപ്പിക്കുക.
- വ്യാപാരികൾ, ഹോട്ടൽ ഉടമകൾ, ഓഡിറ്റോറിയം - കല്യാണമണ്ഡപങ്ങൾ എന്നിവയുടെ പ്രതിനിധികളുമായും മതമേലദ്ധ്യക്ഷന്മാരുമായും യോഗം ചേരുക.
- ഗവൺമെന്റിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 കൃത്യമായി നടപ്പിലാക്കുക. ഇതിനായി തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ ബൈലോ തയ്യാറാക്കുക.

To All HMs

ജില്ലാ കളക്ടർ
പത്തനംതിട്ട